LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ് അസോസിയേഷനുകൾ നിലവിലുള്ളതെന്ന് ഞാൻ ഇന്നലെ ഇവിടെ സൂചിപ്പിച്ച കാര്യമാണ്. ബംഗാളിൽ പുതിയ ഗവൺമെന്റ് വന്നതിനുശേഷം അവർ അസോസിയേഷൻ നിർത്തലാക്കിയിട്ടുണ്ട്. ഇവിടെ നിർത്തലാക്കേണ്ട ആവശ്യകത വന്നിട്ടില്ല. കൂടുതലായി രാഷ്ട്രീയമായ കിടമത്സരം വന്നാൽ അതിനെ നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സദുദ്ദേശപരമായ കാരണങ്ങളാൽ ആരംഭിച്ച പോലീസ് അസോസിയേഷൻ രാഷ്ട്രീയമായ ചേരിതിരിവിന് വഴിതെളിക്കുന്ന രീതിയിലേക്ക് പോവുകയാണെങ്കിൽ അതിനെ നിയന്ത്രിക്കുന്ന കാര്യം കൂട്ടായി ആലോചിക്കാം. സ്ഥലംമാറ്റത്തിന് ചില നോംസ് വരുത്തിയിട്ടുണ്ട്. ആ നോംസിന്റെ അടിസ്ഥാനത്തിൽ പോലിസുകാർക്ക് അതാത് സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടില്ല. എസ്.ഐ.-മാർക്ക് അവരുടെ സർക്കിളിൽ ജോലി ചെയ്യാൻ പാടില്ല. അത് പ്രാദേശികമായ പക്ഷപാതപരമായിട്ടുള്ള നിലപാട് സ്വീകരിക്കാതിരിക്കാൻ വേണ്ടിയുള്ള നോംസാണ്. അതിൽ അപാകത ഉണ്ടെന്ന് പറഞ്ഞപ്പോൾ ഭാര്യയുടെ സ്ഥലം എന്നുള്ളത് മാറ്റിയിട്ടുണ്ട്. സ്വന്തം പഞ്ചായത്തിലോ പോലീസ് സ്റ്റേഷൻ പരിധിയിലോ പാടില്ലന്നേയുള്ളൂ. പോലീസ് അസോസിയേഷന്റെ പ്രവർത്തനം നിഷ്പക്ഷവും നീതിപൂർവ്വവുമായി മുന്നോട്ടുപോകണം. ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ ആഗ്രഹിക്കുന്നത്, ഒരുതരത്തിലുള്ള ചേരിതിരവും ഉണ്ടാകരുതെന്നുമാത്രമാണ്. മാത്രമല്ല, ജനാധിപത്യപരമായ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. തെരഞ്ഞെടുക്കപ്പെടുന്നവരേയും പരാജയപ്പെടുന്നവരേയും ഒരുപോലതന്നെ ആഭ്യന്തര വകുപ്പും ഗവൺമെന്റും കാണുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

11.00 A.M.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

(9) നഷ്ടപരിഹാരം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട ആളുകൾതന്നെ അത് തകർത്തതിനുശേഷം പരിഹാരം കണ്ടില്ലായെന്നുള്ള ഏറ്റവും വേദനാജനകമായ കാര്യം ശ്രദ്ധയിൽപ്പെടുത്താനാണ് എന്റെ ഈ സബ്മിഷൻ. എന്റെ മണ്ഡലത്തിൽ കീഴരിയൂർ ഉറവക്കുന്ന് മലയിലാണ് കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പ് സ്ഥിതി ചെയ്യുന്നത്. ക്യാമ്പിനോട് ചേർന്നാണ് രാജീവ് ഗാന്ധി കോളനിയുള്ളത്. അതുപോലെ ഒട്ടേറെ പട്ടികജാതി സെറ്റിൽമെന്റ് കോളനികളും പാവപ്പെട്ട ആളുകൾ മാത്രം താമസിക്കുന്ന ഒരു കോളനിയുമുണ്ട്. വെറും കശുമാവ് മാത്രം കൃഷിചെയ്യാൻ കഴിയുന്ന, നാലും അഞ്ചും സെന്റ് സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തമായുള്ള ആളുകൾ താമസിക്കുന്ന കോളനിയാണ്. ഈ ഉറവക്കുന്ന് എ.ആർ. ക്യാമ്പിലാണ് എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള പ്രദേശങ്ങളിൽനിന്നും പിടിച്ചെടുത്ത സ്പോടക വസ്തുക്കൾ ശേഖരിച്ചുവച്ചിരിക്കുന്നത്. 2012 ഏപ്രിൽ 21-ന് ഈ ക്യാമ്പിൽ വച്ച് സ്പോടക വസ്തുക്കൾ നശിപ്പിക്കുന്നതിന്റെ ഭാഗമായി സ്പോടനം നടത്തുകയുണ്ടായി. അന്ന് 12 മണിക്ക് നടത്തിയ സ്പോടനത്തിൽ പൊട്ടിത്തെറിയുടെ ശബ്ദംകേട്ട് ആളുകളെല്ലാം പേടിച്ച് അങ്ങോട്ടുചെന്നപ്പോൾ ഒന്നും സംഭവിക്കില്ലായെന്ന് ബന്ധപ്പെട്ട ആളുകൾ അറിയിച്ചെങ്കിലും 1.30 മണിക്ക് വീണ്ടും സ്പോടനം നടത്തിയതിന്റെ ഫലമായി 162 വീടുകൾ തകർന്നു, തകർന്നുവെന്നു പറഞ്ഞാൽ ചുമര് വിണ്ടുകീറി, കോൺക്രീറ്റ് വിണ്ടുകീറി ഓടുകൾ ഇളകിവീണു. പാവപ്പെട്ട ആളുകളുടെ വീടുകൾ തകർന്നിട്ടിപ്പോൾ രണ്ടു കൊല്ലവും മൂന്നുമാസവുമായി. വീട്ടിൽ ഒരു ടാർപാളിൻ ഇട്ട് മൂടിയിട്ട് അവർ താമസിക്കുകയാണ്. 22-6-2012-ന് ഈ വിഷയം ഞാൻ സബ്മിഷനായി അവതരിപ്പിച്ചിരുന്നു. അന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നു ആഭ്യന്തര വകുപ്പുമന്ത്രി. കളക്ടറുടെ നേതൃത്വത്തിൽ പി.ഡബ്ല്യു.ഡി. എഞ്ചിനീയറെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റിയുണ്ടാക്കുമെന്നും ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അവർക്ക് നഷ്ടപരിഹാരം നൽകുമെന്നും അദ്ദേഹം സബ്മിഷന് മറുപടിയായി പറഞ്ഞിരുന്നു. ഇപ്പോൾ രണ്ടു വർഷവും മൂന്നു മാസവുമായി. പാവപ്പെട്ട ആളുകളുടെ 162 വീടുകൾ തകർന്നതിന് നഷ്ടപരിഹാരമായി ഒരൊറ്റ പൈസ പോലും കൊടുത്തിട്ടില്ല. ടാർപാളിൻ ഇടുന്നതിനുവേണ്ടി ചെലവാക്കിയ തുകയെങ്കിലും വാങ്ങിത്തരണമെന്നാണ് ഇപ്പോൾ അവർ എന്നോട് പറയുന്നത്. അതുമാത്രമല്ല, അവിടെയുള്ള ഒരൊറ്റ സ്ഥലവും വിൽക്കാൻ കഴിയുന്നില്ല എന്നതാണ് മറ്റൊരു വേദനാജനകമായ വസ്തുത. ഏകദേശം 8 സെന്റ് സ്ഥലം മാത്രമുള്ള വീടിന്റെ കോൺക്രീറ്റിന് പോറലേറ്റാൽ ആരെങ്കിലും വീട് വാങ്ങുമോ? അതുകൊണ്ട് അവർക്ക് വീട് വിൽപ്പന നടത്തിയിട്ട് പോകാനും സാധിക്കുന്നില്ല. ഈ പാവപ്പെട്ട ആളുകൾക്ക് പഞ്ചായത്തുവഴി പുതിയ വീട് അനുവദിക്കാൻ സാധിക്കുമോ? അതുകൊണ്ട് നമ്മുടെ ഡിപ്പാർട്ടുമെന്റിന് പറ്റിയ കുറ്റത്തിന് നഷ്ടപരിഹാരം നൽകാൻ തയ്യാറാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ കേസുകളുമായി ബന്ധപ്പെട്ട് പടക്കനിർമ്മാണ ശാലയിൽനിന്ന് പിടിച്ചെടുത്ത് സൂക്ഷിച്ചുവച്ചിരുന്ന സ്പോടക വസ്തുക്കൾ ബഹുമാനപ്പെട്ട കൊയിലാണ്ടി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവു പ്രകാരം 21-4-2012 ഉച്ചയ്ക്ക് രണ്ടുമണിയോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളത്തുനിന്നെത്തിയ എക്സ്പ്ലോസീവ് കൺട്രോളറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥർ കീഴരിയൂർ സ്ഥിതി ചെയ്യുന്ന കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽ വച്ച് നിർവീര്യമാക്കുന്ന സമയത്ത് ഉഗ്രശബ്ദത്തോടെ പോട്ടിത്തെറിച്ചതിനെത്തുടർന്നുണ്ടായ ആഘാതത്തിൽ സമീപത്തുള്ള അനേകം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു കോഴിക്കോട് ജില്ലാ കളക്ടർ, കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി തുടങ്ങിയ ഉന്നത ഉദ്യോസ്ഥർ സംഭവ സ്ഥലം സന്ദർശിക്കുകയും പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജൻ, നിർമ്മിതി കേന്ദ്രം പോജക്ട് മാനേജർ ശ്രീ. മനോജ് എന്നിവരുൾപ്പെടുന്ന വിദഗ്ദ്ധ സമിതിയെ നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. സ്ഫോടക വസ്തുക്കൾ നിർവ്വീര്യമാക്കിയത് ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശ പ്രകാരമായതിനാൽ സ്ഫോടനം സംബന്ധിച്ചുള്ള കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. നാശനഷ്ടങ്ങൾ കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് റവന്യൂ വിഭാഗത്തെയാണ്. 162 വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്ന് റവന്യൂ വകുപ്പിൽ പരാതികൾ കിട്ടിയിട്ടുണ്ട്, റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. ജില്ലാ കളക്ടറോട് ഉടനടി റിപ്പോർട്ട് സമർപ്പിക്കാൻ ഞാനാവശ്യപ്പെടുന്നതാണ്. അതിനുശേഷം അനന്തര നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

(10) പോലീസ് നടത്തുന്ന നിയമലംഘനം

<u>ശ്രീ. കെ. ദാസൻ</u>: സർ, കൊയിലാണ്ടിയിൽ സമീപകാലത്ത് പോലീസ് നടത്തുന്ന നിയമലംഘനവും നീതിനിഷേധവും സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടു വരാനാണ് ഈ സബ്മിഷൻ. പോലീസിനെ ആക്രമിച്ചെന്ന പേരിൽ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയെ അറസ്റ്റുചെയ്ത് നഗരമദ്ധ്യത്തിലൂടെ കയ്യാമംവച്ച് നടത്തിച്ച പോലീസ് നടപടി പ്രതിഷേധാർഹമാണ്. ജൂൺ 24-ാം തീയതി വൈകിട്ട് അഞ്ചുമണിക്ക് കൊയിലാണ്ടി ബസ് സ്റ്റാന്റിനരികെ മേൽപ്പാലം മുതൽ മാർക്കറ്റ് പരിസരംവരെ ഏതാണ്ട് ഒരു കിലോമീറ്റർ ദൂരം പതിനാറോളം പോലീസുകാരുടെയും പോലീസ് വണ്ടികളുടെയും അകമ്പടിയോടെയാണ് യുവാവിനെ നടത്തിച്ചത്. ഇതിനുമുമ്പും അവിടത്തെ സി.ഐ.-യ്ക്കെതിരെ വിമർശനമുണ്ടായിട്ടുള്ളതാണ്. 20 വയസ്സുകാരനായ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയെ പൊതുജനമദ്ധ്യത്തിൽ അപമാനിക്കുന്ന രീതിയിലാണ് അദ്ദേഹം പ്രവർത്തിച്ചത്. ബുധനാഴ്ച രാത്രി പോലീസിനെ ആക്രമിച്ചുവെന്നാണ് അദ്ദേഹത്തിനെതിരെയുള്ള കേസ്. കഴിഞ്ഞ ദിവസം ചെങ്ങോട്ടുകാവിലെ ഒരു അഡ്വക്കേറ്റിനെതിരെ വധശ്രമം നടത്തിയ കേസ്സിലെയും മകന്റെ ഭാര്യയെ പീഡിപ്പിച്ച് കേസിലെ പ്രതിയുമായ അബുബെക്കറെ തെളിവെടുപ്പിന് കൊണ്ടുപോയത്